(സി) ട്രാൻഷിപ്പ്മെന്റ് രംഗത്തെ പരിചയമോ സ്വാധീനമോ വല്ലാർപാടത്തിന്റെ വളർച്ചയ്ക്ക് ദുബായ് പോർട്ട് പ്രയോജനപ്പെടുത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ;

(ഡി) കൊളംബോ തുറമുഖത്തോട് മത്സരിക്കാൻ കഴിയുംവിധം ദുബായ് പോർട്ട് നിരക്കുകൾ ക്രമീകരിക്കുന്നില്ലെന്നത് കണക്കിലെടുത്ത് കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള നിരക്കുകൾ കുറയ്ക്കണമെന്ന് ദുബായ് പോർട്ടിനോട് ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ,

(എ&ബി) വല്ലാർപാടത്ത് വലിയ കണ്ടെയ്നർ കപ്പലുകൾ കൊണ്ടുവരാനുള്ള ശ്രമമാണ് ദുബായ് പോർട്ട് വേൾഡ് ചെയ്യുന്നത്. 2015 ജൂലൈ മുതൽ 'ഗാലക്സ്' എന്ന പേരിലുള്ള ഒരു പുതിയ മെയിൻലൈൻ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കൊറിയ മുതൽ ഗൾഫ് വരെയാണ് ഇതിന്റെ റൂട്ട്. കൂടാതെ കൂടുതൽ മെയിൻലൈൻ (ദീർഘദൂര) സർവ്വീസുകൾ ആരംഭിപ്പിക്കുവാൻ ദുബായ് പോർട്ട് വേൾഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ദുബായ് പോർട്ട് വേൾഡ് അവരുടെ ഷിപ്പിംഗ്/തുറമുഖ മേഖലകളിലെ പരിചയവും സ്വാധീനവും പ്രയോജനപ്പെടുത്തുന്നതായിട്ടാണ് കാണുന്നത്.

(ഡി) ദുബായ് പോർട്ട് വേൾഡ് ട്രാൻസ്ഷിപ്പ്മെന്റ് സേവനത്തിന് കൊളംബോ തുറമുഖത്തിന്റെ നിരക്കുകൾ തന്നെയാണ് ചുമത്തുന്നത്. മറ്റു കണ്ടെയ്നറുകൾക്ക് നിരക്കുകൾ കുറയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## വിഴിഞ്ഞം തുറമുഖ പദ്ധതി - പുനരധിവാസ പാക്കേജ്

**24 (*24)** ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എം. എ. ബേബി :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തെ മത്സ്യത്തൊഴിലാളികളും കടലുമായി ബന്ധപ്പെട്ട് തൊഴിൽ എടുക്കുന്നവരും അവഗണിക്കപ്പെടുന്നതായി അറിയാമോ ; എങ്കിൽ ഇത് തിരുത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) പദ്ധതിക്കായി തൊഴിലും തൊഴിലിടങ്ങളും നഷ്ടപ്പെടുന്നവരുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ പ്രഖ്യാപിച്ച പുനരധിവാസ പാക്കേജിൽ ഉൾപ്പെടാതെ പോയിട്ടുള്ളവരെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പാക്കേജിന്റെ ഭാഗമായി പുനരധിവാസ പ്രവർത്തനങ്ങൾക്ക് നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പുനരധിവാസ പദ്ധതികൾക്കായി അദാനിഗ്രൂപ്പ് ചെലവഴിക്കാമെന്ന് ഉറപ്പ് നൽകിയ തുക എത്ര; ഇതിനകം ചെലവഴിച്ച തുക എത്ര ;

(എഫ്) പുനരധിവാസവുമായി ബന്ധപ്പെട്ട് ഇനിയും തീരുമാനം കൈക്കൊള്ളാൻ അവശേഷിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ,

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തെ മത്സ്യ തൊഴിലാളികളെയും കടലുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവരെയും തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം പുനരധിവാസ പ്രവർത്തനങ്ങളിൽ അവഗണിച്ചിട്ടില്ല

(ബി) ഉണ്ട്. വിഴിഞ്ഞം തുറമുഖ വികസനംമൂലം പദ്ധതി പ്രദേശത്ത് തൊഴിലും തൊഴിലിടങ്ങളും നഷ്ടപ്പെടുന്നവരെ കണ്ടെത്തുന്നതിനും അവർക്ക് നഷ്ടപരിഹാര പുനരധിവാസ പാക്കേജ് തയ്യാറാക്കുന്നതിനുമായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായി ഒരു കമ്മിറ്റിയും (Livelihood Impact Appraisal Committee - LIAC) ഇതിന്മേലുയരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായി ഒരു അപ്പീൽ കമ്മിറ്റിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. LIAC തയ്യാറാക്കിയ റിപ്പോർട്ട് 2015 സെപ്റ്റംബർ മാസം 18-ാം തീയതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേൽ ലഭിച്ചിട്ടുള്ള പരാതികൾ അപ്പീൽ കമ്മിറ്റി പരിശോധിച്ചുവരുന്നു.

(സി) LIAC കമ്മിറ്റി 2015 സെപ്റ്റംബർ 18-ാം തീയതി പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്മേൽ 18800-ൽപ്പരം പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികൾ LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ചുവരുന്നു.

(ഡി) പദ്ധതി വികസനവുമായി ബന്ധപ്പെട്ട് പുനരധിവാസ പ്രവർത്തനങ്ങൾ വേണ്ടിവരുന്നത് പ്രധാനമായും രണ്ട് വിഭാഗങ്ങൾക്കാണ്.

1. പദ്ധതിക്കായി വീടും സ്ഥലവും ഏറ്റെടുത്തതുമൂലം പുനരധിവാസം വേണ്ടിവരുന്നവരും
2. പദ്ധതിയുടെ വികസനംമൂലം തൊഴിലിനെ ബാധിക്കുന്നവരുടെ പുനരധിവാസവും

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ I-ാം വിഭാഗത്തിൽപ്പെടുന്ന 67 കുടുംബങ്ങളുടെ പുനരധിവാസത്തിനായി 11.39 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. രണ്ടാം വിഭാഗത്തിൽപ്പെടുന്നവരുടെ പുനരധിവാസ തുക LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പൂർത്തിയാകുന്ന മുറയ്ക്കേ കണക്കാക്കാനാവൂ.

(ഇ) പുനരധിവാസ പദ്ധതികൾക്കുള്ള തുക ചെലവഴിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്.

(എഫ്) LIAC അപ്പീൽ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് അത് പരിശോധിച്ച് അംഗീകാരം നൽകുകയും തുടർന്ന് തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാസം പൂർത്തീകരിക്കുകയുമാണ് അവശേഷിക്കുന്ന നടപടികൾ.

## എയർ കേരള

25 (*25) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ കേരളാ വിമാന സർവ്വീസ് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) സീസൺ കാലയളവിൽ യാത്രക്കാരിൽ നിന്ന് അമിതമായ ചാർജ്ജ് ഈടാക്കുന്നത് തടയുന്നതിനും കാലതാമസം ഒഴിവാക്കി പ്രസ്തുത വിമാന സർവ്വീസ് പ്രവാസികളുടെ സഹായത്തോടെ നടപ്പാക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ&ബി) പ്രവാസി മലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തിരം കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള ' എന്ന പദ്ധതി എയർ കേരള ഇന്റർനാഷണൽ സർവ്വീസ് കമ്പനി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ ബോർഡ്, ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റ് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ

LIBRARY ARCHIVES Kerala Legislative Assembly